بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 20.03.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം***

## മാർച്ച് 23- മസീഹ് മൗഊദ് ദിനം.
## സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ(അയ്യദഹുല്ലാഹു) ജ്ഞാനനിർഭരമായ ഖുത്ബ.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ الرَّحْمٰنِ الرَّحِيْمِ مٰلِكِ يَوْمِ الدِّيْنِ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ ഇപ്രകാരം പറഞ്ഞു;

മൂന്നു ദിവസം കഴിഞ്ഞാൽ മാർച്ച് 23 ആണ്. അന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈഅത്തു (അനുസരണ പ്രതിജ്ഞ) സ്വീകരിക്കാൻ തുടങ്ങിയത്. അങ്ങനെ വാഗ്ദത്ത മസീഹ് വാദത്തോടു കൂടി വ്യവസ്ഥാപിതമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിനും അടിത്തറ പാകി. ജമാഅത്തിൽ ആ ദിവസം മസീഹ് മൗഊദ് ദിനമായി ആചരിക്കുന്നു. അന്നേ ദിവസം യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. അതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാദത്തെക്കുറിച്ചും ആഗമനോദ്ദേശ്യത്തെക്കുറിച്ചും വിവരിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഇന്ന് ഞാൻ ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തന്നെ വാക്കുകൾ നിങ്ങൾക്കു മുമ്പാകെ ഉദ്ധരിക്കുന്നതാണ്.

ഈ വർഷം മിക്ക രാജ്യങ്ങളിലും സ്ഥലങ്ങളിലും ഇപ്പോൾ കൊറോണാ വൈറസിന്റെ പകർച്ചവ്യാധി വ്യാപിച്ചുകൊണ്ടിരിക്കുന്ന കാരണത്താൽ യോഗങ്ങൾ സംഘടിപ്പിക്കുവാൻ സാധിക്കാതെ വരാം. അതുകൊണ്ട് എന്റെ ഖുത്ബ കൂടാതെ എം. ടി. എ യിൽ ഇതു സംബന്ധമായ പ്രോഗ്രാമുകൾ ഉണ്ടായിരിക്കുന്നതാണ്. അത് അഹ്മദികളെല്ലാവരും തന്നെ തങ്ങളുടെ വീടുകളിൽ കുട്ടികളോടൊപ്പം കേൾക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ തിരുമേനിയുടെ തന്നെ പ്രവൃത്തികളേയും മതത്തേയും ലോകത്ത് പ്രചരിപ്പിക്കുന്നതിനായിട്ടായിരുന്നു നിയോഗിതനായതായിരുന്നത്. അദ്ദേഹം ഒരിടത്ത് ഇപ്രകാരം പറയുന്നു;

നബി(സ) തിരുമേനിയെ അനുസരിക്കാതെയും അങ്ങയുടെ കാലടികൾ അനുധാവനം ചെയ്യാതെയും ഒരാൾക്കും ആത്മീയമായ യാതൊരു അഭിവൃദ്ധിയും അനുഗ്രഹവും കരസ്ഥമാക്കാൻ സാധിക്കുകയില്ലെന്നതാണ് എന്റെ വിശ്വാസവും മതവും എന്ന് ഞാൻ തുറന്നു പറയുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു; സൃഷ്ടികളുടെ സംസ്കരിച്ചു കൊണ്ട് അവരുടെ ഹൃദയങ്ങളിൽ ദീനിനെ നവോന്മേഷത്തോടു കൂടി നിലനാട്ടുന്നതിനായി തക്കസമയത്ത് അല്ലാഹുവിനാൽ അയക്കപ്പെട്ട വ്യക്തി ഞാൻ തന്നെയാണെന്ന് ആവർത്തിച്ചാവർത്തിച്ച് ഞാൻ പറയുന്നതാണ്. അക്കാര്യം വെളിപ്പെടുത്തുന്നതിൽ നിന്നും എനിക്ക് വിട്ടു നില്ക്കാനാകില്ല. ദിവ്യപുരുഷനായ കലീമുല്ലായുടെ (മൂസ (അ))ശേഷം അയക്കപ്പെട്ട അതേ വ്യക്തിയെപ്പോലെ (ഈസാ (അ)) തന്നെയാണ് ഞാനും അയക്കപ്പെട്ടിരിക്കുന്നത്. ഹെറോദാ രാജാവിന്റെ ഭരണകാലത്ത് വളരെ പ്രയാസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ആത്മാവ് ആകാശത്തേക്ക് ഉയർത്തപ്പെട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിംകളോടു മാത്രമല്ല മറിച്ച് എല്ലാ മതങ്ങളോടും എല്ലാ സമുദായങ്ങളോടും തന്റെ നിയോഗത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഞാൻ ഇക്കാലഘട്ടത്തിൽ മുസ്‌ലിംകളുടെ സംസ്കരണത്തിനു മാത്രമായല്ല ദൈവത്തിൽ നിന്നും വന്നത് എന്ന് വ്യക്തമായിരിക്കട്ടെ . മുസ്‌ലിംകളുടെയും ഹിന്ദുക്കളുടെയും കൃസ്ത്യാനികളുടെയും മൂന്നു സമുദായങ്ങളുടെയും സംസ്കരണമാണ് ഉദ്ദേശം. മുസ്‌ലിംകൾക്കും കൃസ്ത്യാനികൾക്കുമായി വാഗ്ദത്ത മസീഹ് ആയിരിക്കുന്നതുപോലെതന്നെ ഹിന്ദുക്കൾക്കായി ഞാൻ അവതാരപുരുഷനാകുന്നു. ഭൂലോകത്ത് നിറഞ്ഞിരിക്കുന്ന പാപങ്ങളെ അകറ്റുന്നതിനായി ഞാൻ മസീഹ് ഇബ്നു മർയം ആയിരിക്കുന്നതുപോലെ ഹിന്ദുക്കളുടെ അവതാരപുരുഷന്മാരിൽ മഹത്തായ അവരതാരമായ ശ്രീകൃഷ്ണനാകുന്നുവെന്ന കാര്യം ഞാൻ ഇരുപതോ അതിൽ പരമോ വർഷക്കാലമായി പ്രസിദ്ധമാക്കി കൊണ്ടിരിക്കുകയാണ്.

തന്റെ നിയോഗത്തിന്റെ മഹത്വം വിവരിച്ചുകൊണ്ട് വീണ്ടും പറയുന്നു; അല്ലാഹുവിന്റെ കല്പനയെ ലംഘിക്കുന്ന കാര്യം മനുഷ്യന് പാപ കാരണമാകുന്നു. സർക്കാറിന്റെ ഭാഗത്തു നിന്നും ഒരു സാധാരണ ശിപായി ആജ്ഞാപത്രവുമായി വരികയാണെങ്കിൽ അയാളെ അനുസരിക്കാത്തയാൾ കുറ്റവാളിയായി കണക്കാപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഒരു ഭൗതിക ഭരണാധികാരിയുടെ അവസ്ഥ ഇതാണെങ്കിൽ അഹ്കമുൽ ഹാകിമീനിൽ (ഭരണാധികാരികളുടെയെല്ലാം മേൽ ഭരണാധി

കാരി) നിന്നും വരുന്നവരെ നിന്ദിക്കുകയും അവമതിക്കുകയും ചെയ്യുകയാണെങ്കിൽ എത്രമാത്രം ദൈവകല്പനയുടെ ലംഘനമായിരിക്കുമത്. അല്ലാഹു വലിയ ആത്മാഭിമാനമുള്ളവനാണ്. അവൻ തക്കസമയത്തു തന്നെ പിഴച്ച യുഗത്തിന്റെ തലയ്ക്കൽ ജനങ്ങളെ നേർമാർഗത്തിലേക്ക് ക്ഷണിക്കുന്നതിനായി ഒരാളെ അയച്ചു. അവന്റെ പദ്ധതികളെ ചവിട്ടി മെതിക്കുക എന്നത് വലിയ പാപമാകുന്നു.

തുടർന്ന് അദ്ദേഹം പറയുന്നു; ഇസ്‌ലാമിനെ പോലെയുള്ള പരിശുദ്ധവും പരിപാവനവുമായ ഒരു മതത്തിനു മേൽ എത്രമാത്രം ആക്രമണം നടന്നെന്നാൽ ഇസ്‌ലാം വിരുദ്ധ പ്രസിദ്ധീകരണങ്ങളെല്ലാം ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അത് മഹാ പർവതമാകുന്നതാണ്. മുസ്‌ലിംകളാണെങ്കിൽ നിർജ്ജീവായവസ്ഥയിലാണുള്ളത്. ഒന്നടങ്കം മരിച്ചു പോയിരിക്കുന്നു. ഈ സമയത്ത് അല്ലാഹുവും നിശ്ശബ്ദനാകുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥ. അല്ലാഹുവിന്റെ ഒരാക്രമണം മനുഷ്യന്റെ ആയിരം ആക്രമണങ്ങളേക്കാൾ ശക്തമായിരിക്കും. അത് ഇസ്‌ലാമിന്റെ യശസ്സ് ഉയർത്താനുതകുന്നതുമാണ്.

ലോകത്തെ പൊതുവായി ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു; നമ്മുടെ അവസാനത്തെ ഉപദേശമിതാകുന്നു. നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് ജാഗ്രതയുള്ളവരായിരിക്കുക. നിങ്ങൾ അഹങ്കാരവും അലംഭാവവും കാണിച്ചുകൊണ്ട് പ്രതാപവാനായ അല്ലാഹുവിനു മുമ്പാകെ ധിക്കാരികളാകാതിരിക്കുക. നോക്കുക അല്ലാഹു നിങ്ങളെ ശ്രദ്ധിക്കേണ്ട സമയത്തുതന്നെ ശ്രദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ എല്ലാ സൗഭാഗ്യങ്ങളുടെയും അവകാശികളാകാനായി പരിശ്രമിക്കുക.

അല്ലാഹു അയച്ചവനുമായി യുദ്ധം ചെയ്യരുതെന്ന് അദ്ദേഹം ലോകത്തോട് താക്കീത് ചെയ്യുകയുണ്ടായി. അയച്ചാൽ പിന്നെ അല്ലാഹു സഹായിക്കുകയും ചെയ്യുന്നതാണ്. അവൻ ദൃഷ്ടാന്തങ്ങളും കാണിക്കും. അദ്ദേഹം പറഞ്ഞു; അല്ലാഹു വളരെ പ്രൗഢമായ വാക്കുകളാൽ എന്നോട് പറഞ്ഞിരിക്കുന്നു; ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ ലോകം അദ്ദേഹത്തെ കൈക്കൊണ്ടില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.

ഹുസൂർ പറഞ്ഞു; അല്ലാഹു അദ്ദേഹത്തിന്റെ സത്യത ലോകത്ത് പ്രകടമാക്കി കൊണ്ടിരിക്കുന്നു എന്ന് ഇന്ന് ഇരുനൂറിലധികം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന അഹ്മദിയ്യാ ജമാഅത്ത് സ്വയം വിളംബരം ചെയ്യുകയാണ്. അല്ലാഹു നമ്മെ അദ്ദേഹത്തിന്റെ മിഷൻ പ്രചരിപ്പിക്കുന്നതിൽ പങ്കാളികളാക്കുമാറാകട്ടെ. നമ്മുടെ വിശ്വാസം കൂടുതൽ ദൃഢമാക്കട്ടെ. നമ്മുടെ കടമകൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ലോകത്ത് ഇപ്പോൾ പടർന്നുകൊണ്ടിരിക്കുന്ന കൊറോണ വൈറസുമായി ബന്ധപ്പെട്ട് ഹുസൂർ ഇപ്രകാരം പറഞ്ഞു;

ഈ വൈറസ് ലോകത്തെ അല്ലാഹുവിലേക്ക് തിരിയുന്ന വിഷയത്തിലേക്ക് ചിന്തിക്കുവാൻ നിർബന്ധിതമാക്കിയിരിക്കുകയാണ്. എന്നാൽ യഥാർത്ഥവും ജീവസുറ്റതുമായ ദൈവം ഇസ്‌ലാം സമർപ്പിക്കുന്ന ദൈവമാകുന്നു. അതിലേക്ക് വരുന്നവർക്ക് വഴി കാണിക്കുന്നതാണെന്ന് ഇസ്‌ലാം വിളംബരം ചെയ്യുന്നു. അതുകൊണ്ട് ഈ സാഹചര്യത്തിൽ നാം സ്വയം നന്നാകുന്നതോടൊപ്പം ഫലപ്രദമായ രീതിയിൽ തബ്‌ലീഗ് ചെയ്യേണ്ടതും ആവശ്യമാണ്. ലോകത്തിന് ഇസ്‌ലാമിനെക്കുറിച്ച് മുമ്പത്തേക്കാളുപരി പരിചയപ്പെടുത്തേണ്ടത് ആവശ്യമാണ്. നിങ്ങൾ മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ, ശുഭ പര്യവസാനം ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ തിരിച്ചറിയുകയെന്നും എന്തന്നാൽ പാരത്രിക ജീവിതത്തിന്റെതാണ് യഥാർഥ പര്യവസാനമെന്നും അതിനാൽ അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുകയെന്നും ലോകത്തോട് പറയാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഈ വിപത്തുകൾ നീണ്ടു പോകുന്നതാണെന്ന് ഭൗതീകരായവരും പറയുന്നു. അതുകൊണ്ട് ശുഭ പര്യവസാനത്തിനായി നാം സ്വയം അല്ലാഹുവിലേക്ക് തിരിയുന്നതോടൊപ്പം ലോകത്തോടും പറയുക, യഥാർത്ഥ പര്യവസാനം പരലോക ജീവിതത്തിന്റെതാണ്. അതിനാൽ നിങ്ങൾക്ക് അല്ലാഹുവിലേക്കു വരേണ്ടതായി തന്നെ വരും. ഒരു വിദഗ്ദൻ ഇപ്രകാരം മുന്നറിയിപ്പ് നല്കിയിരിക്കുന്നു; അതായത് ഈ അപകടകാരിയായ വൈറസിന്റെ ജനിതക മാറ്റം സർവസാധാരണമാകാൻ വലിയ സാധ്യതയുണ്ട്. അതോടുകൂടെ ഏതാനും വർഷങ്ങൾക്കുള്ളിൽ ഒരു പുതിയ തരം കൊറോണാ വൈറസ് ലോകത്ത് വ്യാപിക്കാനും സാധ്യതയുണ്ട്. ഇനിയുള്ള ഓരോ മൂന്നു വർഷം കൂടും തോറും പുതിയ വേറെ രോഗങ്ങൾ ഉണ്ടായേക്കാം എന്നും അയാൾ എഴുതുന്നു. ശാസ്ത്രജ്ഞന്മാർക്ക് കൊറോണാ വൈറസിനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം എന്നാൽ പകർച്ച വ്യാധികൾക്കെതിരായുള്ള മനുഷ്യന്റെ പോരാട്ടം ഒരിക്കലും അവസാനിക്കാത്ത പോരാട്ടമായിരിക്കും. ഏതായിരുന്നാലും നമ്മുടെ പര്യവസാനം ശുഭമായിരിക്കാൻ അല്ലാഹുവുമായി മുമ്പത്തേക്കാളുപരി ബന്ധം സ്ഥാപിക്കുക. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. കൊറോണാ വൈറസുമായി ബന്ധപ്പെട്ട് ഞാൻ മുമ്പും മാർഗനിർദ്ദേശം നല്കിയിട്ടുള്ളതാണ് അത് വീണ്ടും ഓർമ്മിപ്പിക്കട്ടെ. കാരണം, ഇത് ലോകം മുഴുവനും അതിവേഗത്തിൽ പടർന്നുകൊണ്ടിരിക്കുയാണ്. ഇവിടെയും അതിന്റെ സ്വാധീനം വളരെയധികമായിക്കൊണ്ടിരിക്കുകയാണ്. ഭരണകൂടവും കൂടുതൽ കർശനമായ നടപടികൾ സ്വീകരിച്ചു കൊണ്ടി രിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. വലിയ നടപടികൾ സ്വീകരിക്കുന്നതാണ്. രോഗങ്ങളും പകർച്ച വ്യാധികളും വരുമ്പോൾ അതിന്റെ പിടിയിൽ എല്ലാവരും അകപ്പെട്ടേക്കാം അതുകൊണ്ട് വളരെയധികം സൂക്ഷിക്കേണ്ടതാണ്. ഭരണകൂടത്തിന്റെ നിർദേശങ്ങൾ പാലിക്കുക. മുതിർന്ന ആളുകളും രോഗികളും അതുപോലെ ശരീരത്തിലെ പ്രതിരോധശേഷി കുറയുന്ന അ

സുഖമുള്ളവരും വളരെ കൂടുതൽ സൂക്ഷിക്കേണ്ടതാണ്. മുതിർന്ന ആളുകൾ വളരെ കുറച്ചു മാത്രം വീടിനു പുറത്തിറങ്ങുക, പള്ളിയിൽ വരുന്ന കാര്യവും ശ്രദ്ധിക്കുക. . ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ജുമുആക്കായി ഒത്തുകൂടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ അവരവരുടെ പ്രദേശങ്ങളിലെ പള്ളികളിൽ ജുമുആ നമസ്കരിക്കുക. സ്ത്രീകൾ പള്ളികളിൽ വരാതിരിക്കുക. അവർ കുട്ടികളുമായാണ് പള്ളിയിൽ വരിക. അതുകൊണ്ട് അവർ വിട്ടു നില്ക്കേണ്ടതാണ്. ശരീരത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി വിശ്രമത്തിന്റെ കാര്യത്തിലും ശ്രദ്ധ നല്കുക. കുട്ടികളെ നേരത്തെ ഉറങ്ങി നേരത്തെ എഴുന്നേല്ക്കാൻ ശീലിപ്പിക്കുക. ഏട്ടോ ഒൻപതോ മണിക്കൂർ ഉറക്കം പൂർത്തിയാക്കുക. അങ്ങാടിയിലെ സാധനങ്ങൾ കഴിക്കുന്നതിൽ നിന്നു വിട്ടു നിൽക്കുക. പ്രത്യേകിച്ചും ചിപ്സ് പാക്കറ്റ് തുടങ്ങിയവ കഴിക്കുന്നതിൽ നിന്നും. ഈ സമയത്ത് ഇടക്കിടക്ക് വെള്ളം കുടിച്ചുകൊണ്ടിരക്കണമെന്നും ഡോക്ടർമാർ പറയുന്നു. ഓരോ മണിക്കൂറിലും അര മുക്കാൽ മണിക്കൂർ കൂടുംതോറും ഓന്നോ രണ്ടോ കവിൾ വെള്ളം കുടിക്കുക എന്നതും രോഗത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള ഒരു മാർഗമാണ്. കൈകൾ വൃത്തിയായി സൂക്ഷിക്കുക. കുറഞ്ഞത് അഞ്ചു നേരം വുളു ചെയ്യുന്നവർക്ക് വൃത്തിയായിരിക്കാൻ അവസരം ലഭിക്കുന്നു. അക്കാര്യത്തിലേക്കും ശ്രദ്ധിക്കുക. തുമ്മുമ്പോൾ സ്രവ കണങ്ങൾ ചുറ്റുപാടും തെറിക്കാതിരിക്കാനായി തുവ്വാല ഉപയോഗിക്കുക. അല്ലെങ്കിൽ കൈത്തണ്ട ഉപയോഗിച്ച് മറച്ചു പിടിക്കുക എന്നും ഡോക്ടർമാർ പറയുന്നു. ഏതവസ്ഥയിലും വൃത്തി വളരെ ആവശ്യമാണ്. എന്നിരുന്നാലും ഒടുവിലത്തെ ആയുധമായി പ്രയോഗിക്കാനുള്ളത് ദുആയാണ്. അല്ലാഹുവേ നീ ഞങ്ങളെ എല്ലാവരേയും അതിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കേണമേ എന്നു ദുആ ചെയ്യുക. എല്ലാ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. പ്രത്യേകിച്ചും ഈ രോഗം ബാധിച്ചിട്ടുള്ളവരോ, മറ്റേതെങ്കിലും കാരണത്താൽ ഈ വൈറസ് ബാധയുണ്ടെന്ന് ഡോക്ടർമാർക്ക് സംശയമുള്ളവരോ ആയ അഹ്മദികൾക്കു വേണ്ടി ദുആ ചെയ്യുക. അതുപോലെ മറ്റു രോഗങ്ങളിൽ അകപ്പെട്ടിരിക്കുന്നവർക്കു വേണ്ടിയും ദുആ ചെയ്യുക. മറ്റു രോഗങ്ങൾ കാരണം ബലഹീനരായവരിലും വൈറസിന്റെ ആക്രമണമുണ്ടാകുന്നു. അവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെയും രക്ഷിക്കുമാറാകട്ടെ. പൊതുവായി എല്ലാവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഈ മഹാമാരിയുടെ ദുസ്സ്വാധീനത്തിൽ നിന്നും രക്ഷിക്കുമാറാകട്ടെ. രോഗം ബാധിച്ചിട്ടുള്ളവർക്ക് പരിപൂർണ്ണ ശിഫാ നൽകുമാറാകട്ടെ. എല്ലാ അഹ്മദികൾക്കും ശിഫാ നൽകുന്നതോടൊപ്പം വിശ്വാസത്തിൽ ദൃഢത കൈവരിക്കാനും തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ)

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 20.03.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516